# ‘വക്കോളം നിറെയ്ക്കുക’

## യോഹന്നാൻ 2:7

“യേശു അവരോടു ഈ കല്പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു; അവർ വക്കൊളവും നിറെച്ചു.”

കാനാവിലെ കല്യാണത്തിന് യേശുവും ശിഷ്യന്മാരും കടന്നു വന്നിരുന്നു. അവിടെ അതിഥികൾക്കു വിളമ്പുവാനുള്ള വീഞ്ഞിനു കുറവുള്ളതായി യേശുവിന്റെ അമ്മ മറിയ യേശുവിനോടു അറിയിക്കുന്നു. അതിനുശേഷം മറിയ അവിടെയുള്ള ശുശ്രൂഷക്കാരോട്, അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‍വീൻ എന്നു പറഞ്ഞു. തനിക്കു പ്രയാസമുള്ള ഒരു വിഷയം, തനിക്കു സ്വയം പരിഹാരം കാണാൻ പറ്റാത്ത ഒരു വിഷയം, യേശുവിനെ ഏല്പിച്ച് അതിന് ഒരു പരിഹാരം ഉണ്ടാക്കുമെന്ന യേശുവിലുള്ള അചഞ്ചല വിശ്വാസം മറിയാം ഇവിടെ പ്രകടമാക്കുന്നു. നമ്മുടെ ജീവിതത്തിലും, നമ്മുടെ പല വിഷയങ്ങളുടെ പരിഹാരത്തിന് യേശുവിലുള്ള ഈ വിശ്വാസത്തിന്റെ ആവശ്യകത ഉണ്ട് എന്ന തിരിച്ചറിവിലേയ്ക്ക് നാം എത്തേണ്ടതുണ്ട്

ഇവിടെ യേശു ശുശ്രൂഷക്കാരോടു “ഈ കല്പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ” എന്നു പറഞ്ഞു. പിന്നീട് നാം ശുശ്രൂഷക്കാർ ചെയ്ത പ്രവർത്തി വേദപുസ്തകത്തിൽ ഇങ്ങനെ കാണുന്നു: “അവർ വക്കോളവും നിറെച്ചു”. അവർക്കുള്ള നിർദ്ദേശം വളരെ ലളിതവും, ഒരു സാധാരണക്കാരനു മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിലുള്ളതുമായിരുന്നു. അവർ അതിനോട് ഏറ്റവും ആത്മാർത്ഥമായി പ്രതികരിച്ചു.

പാത്രത്തിൽ വെള്ളം നിറക്കുവാൻ പറഞ്ഞു, അവർ വക്കോളവും നിറച്ചു. നാം പലപ്പോഴും പ്രതികരിക്കുന്നത് പല രീതികളിലാണ്. ചിലപ്പോൾ അല്പം വെള്ളം നിറെയ്ക്കും. ചിലപ്പോൾ കാൽഭാഗം, ചിലപ്പോൾ പകുതി അങ്ങനെ നമ്മുടെ നിഗമനത്തിനൊത്തവണ്ണം എങ്ങനെ വേണമെങ്കിലും നാം ആ നിർദ്ദേശത്തെ കൈക്കൊൾകയും, പ്രതികരിക്കുകയും ചെയ്യും. ഇവിടെ ശുശ്രൂഷക്കാർ ചെയ്തത് “വക്കോളവും നിറെച്ചു”, അവർക്കു ചെയ്യാവുന്നതുപോലെ മുഴുവൻ നിറെച്ചു, ഇനി ഒട്ടും കൂട്ടുവാൻ പറ്റാത്തതു പോലെ നിറെച്ചു. യേശുവിന്റെ നിർദ്ദേശത്തെ അവർ എങ്ങനെ കൈക്കൊണ്ടു എന്നും അതിനോട് അവർ എത്ര ആത്മാർത്ഥതയോടെ പ്രതികരിച്ചു എന്നതും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ജീവിതത്തിൽ രൂപാന്തരം ആവശ്യമെങ്കിൽ ഇങ്ങനെയുള്ള ഒരു പ്രതിബദ്ധത ആവശ്യമാണ്. ഇന്ന് ആത്മീക ജീവിതത്തിൽ വിരളതയുള്ളതും ഈ വിഷയത്തിനു തന്നെയാണ്.

വെള്ളം നിറയ്ക്കുക എന്നു പറയുമ്പോൾ ദൈവം നമ്മിൽ നിന്ന് ചിലത് ആഗ്രഹിക്കുന്നു എന്നുറപ്പാണ്. നാം എന്തു കൊടുക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള സ്നേഹവും, ബഹുമാനവും, വിശ്വാസ്യതയും, ആശ്രയത്വവും വെളിപ്പെടുത്തുന്നു. നിറവിന്റെ പൂർണ്ണതയാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. എന്നാൽ നാം പലപ്പോഴും പൂർണ്ണമാക്കാറില്ല. അങ്ങനെ നമ്മുടെ ജീവിതത്തിൽ ദൈവീകബന്ധത്തിൽ പൂർണ്ണമാകാതെ കിടക്കുന്ന ഭാഗങ്ങളിലേക്ക് ലോകം കയറുകയും, നാം പ്രതീക്ഷിക്കാത്ത പല പരാജയങ്ങളും ഏറ്റെടുക്കുകയും ചെയ്യേണ്ടിവരും. ഉല്പത്തി 2:15 ലും ഇതു പോലൊരു നിർദ്ദേശം നാം കാണുന്നു. ''തോട്ടം കാക്കണം'' അവിടെയും ആദാമും ഹവ്വയും അതു പൂർണ്ണതയിൽ ചെയ്യാത്തതുകൊണ്ട്, സാത്താനാൽ വഞ്ചിതരായി, പാപം മൂലം മരണത്തിന് വിധിക്കപ്പെട്ടു.

നിറയ്ക്കുന്നതിനുവേണ്ടി ഒരു പരിശ്രമം വേണ്ടിയപ്പോൾ തന്നെ, നിറവ് വക്കോളം മാത്രം എന്നത് മറക്കരുത്. വക്കിനു മുകളിലേക്കു നിറക്കുവാനുള്ള പരിശ്രമങ്ങൾ എല്ലാം പാഴാണ്. നമുക്ക് അതിൽ കൂടുതൽ പാത്രത്തിൽ നിറെക്കാൻ കഴിയുകയില്ല, അല്ല എങ്കിൽ നാം ആയിരിക്കുന്ന പാത്രങ്ങൾക്ക് അതുമാത്രമേ കൊള്ളുവാൻ സാധിക്കുകയുള്ളൂ. ദൈവം ആഗ്രഹിക്കുന്ന അളവാണ് അത്. നാം ദൈവീകപദ്ധതിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നവരാകണം. പ്രത്യേകിച്ച് ദൈവീക ശുശ്രൂഷകളിൽ നമുക്ക് ലഭിച്ചിരിക്കുന്ന ദൈവകൃപക്കൊത്തവണ്ണം പ്രവർത്തിക്കുക. റോമർ 12:3 പറയുന്നതുപോലെ "ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ..."എളിമ ശുശ്രൂഷയിലും ധരിക്കുന്നവരായിരിക്കണം. അതല്ല എങ്കിൽ നമ്മുടെ ശുശ്രൂഷകളിൽ അത്ഭുതങ്ങൾ നടന്നേക്കാം, രോഗശാന്തി ലഭിച്ചേക്കാം, ഭൂതങ്ങൾ വിട്ടുമാറിയേക്കാം, ചില ജീവിതങ്ങൾ ദൈവത്തെ അറിഞ്ഞേക്കാം. അതെല്ലാം ദൈവത്തിനു തന്റെ മക്കളോടുള്ള കൃപയിലാണ്. അല്ലാതെ നമ്മുടെ ശുശ്രൂഷകളിൽ ദൈവം പ്രസാദിക്കുന്നതുകൊണ്ടല്ല.

വെള്ളം നിറഞ്ഞാൽ, അത് വീഞ്ഞാക്കി മാറ്റുന്നവനാണ് യേശു. വീഞ്ഞായാൽ, വിലയില്ലാതെ പുറത്തു കിടന്ന പാത്രത്തിനും, വിലയില്ലാതെ അകത്തൊഴിച്ച വെള്ളത്തിനും ഒരു രൂപാന്തരം മൂലം വിലയേറുകയാണ്, സ്ഥാനചലനം ഉണ്ടാകുകയാണ്. പുറത്തു കിടന്ന പാത്രത്തിന് കലവറയിലേക്കും, കാലു കഴുകുന്ന വെള്ളത്തിന് ചില അധരങ്ങളേയും ഉദരങ്ങളേയും കഴുകാനുമുള്ള മാറ്റം. പുറമേ ശുദ്ധി നൽകുവാനുള്ള വെള്ളം ഇപ്പോൾ ഉള്ളിൽ വിശുദ്ധി നൽകുന്ന പരിശുദ്ധാത്മാവിന്റെ അഭിഷേക ഒഴുക്കായി മാറുന്നു.

ഈ അഭിഷേകത്തിന്റെ ഒഴുക്കിലേക്ക് നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കാം. ദൈവത്തിനു പ്രസാദകരമായ ഒരു ജീവിതത്തിന്റെയും ഒരു ശുശ്രൂഷയുടെയും ഉടമകളാകാൻ പരിശ്രമിയ്ക്കാം. സ്വയം നിറയുവാനും ചില പാത്രങ്ങളേക്കൂടി നിറക്കുവാനും നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. അതിനുവേണ്ടി ദൈവകരങ്ങളിലേയ്ക്ക് നമ്മെ ഏല്പിക്കാം. ദൈവത്തിന്റെ പരിശുദ്ധ റൂഹാ അതിനുവേണ്ടി നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ, സഹായിക്കട്ടെ.

പരാമർശം :

റോമർ 12:3

ഭാവിക്കേതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു.

ബ്രദർ. സലിം ജേക്കബ് പുതുപ്പള്ളി 002